**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4130** **28-10-2021 - ൽ മറുപടിയ്ക്ക്**

**പെൻഷൻ പരിഷ്കരണ കുടിശ്ശിക വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പെൻഷൻകാർക്ക് പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായുള്ള കുടിശ്ശിക എത്ര ഗഡുക്കളായി ഏതൊക്കെ മാസങ്ങളിൽ നൽകുമെന്നാണ് ഉത്തരവ് ഇറക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; നാളിതുവരെ എത്ര ഗഡുക്കൾ നൽകിയെന്ന് അറിയിക്കുമോ; | (എ) | 23/02/2021 ലെ സ.ഉ(അ)നം.35/2021/ധന പ്രകാരം സംസ്ഥാനത്തെ പെൻഷൻകാർക്ക് പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായുള്ള കുടിശ്ശിക നാല് ഗഡുക്കളായി 2021 ഏപ്രിൽ, 2021 മേയ്, 2021 ഓഗസ്റ്റ്, 2021 നവംബർ മാസങ്ങളിൽ നൽകുമെന്നാണ് ഉത്തരവ് ഇറക്കിയിട്ടുള്ളത്. 2021 ഏപ്രിൽ, 2021 മേയ് മാസങ്ങളിലെ ഗഡുക്കൾ നാളിതുവരെ നൽകിയിട്ടുണ്ട്. |
| (ബി) | 2021 ആഗസ്റ്റ് മാസത്തെ കുടിശ്ശിക ഇവർക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (ബി) | 2021 ആഗസ്റ്റ് മാസത്തെ കുടിശ്ശിക ഇവർക്ക് നൽകിയിട്ടില്ല. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും, ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കേന്ദ്രസർക്കാർ കൃത്യസമയത്ത് നൽകാത്തതും, പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും യാഥാർത്ഥ്യമാണ്. അതേ സമയം, കോവിഡ് ദുരിതമനുഭവിക്കുന്ന നിലവിലെ ഘട്ടത്തിൽ സാധാരണ ജനജീവിതം സാധ്യമാക്കുകയെന്ന കർത്തവ്യത്തിന്റെ ഭാഗമായുള്ള സാമൂഹ്യക്ഷേമ ചെലവുകൾ (ഭക്ഷ്യകിറ്റ്, സാമൂഹ്യസുരക്ഷാ പെൻഷൻ, മുതലായവ), ആരോഗ്യ രംഗത്ത് സൃഷ്ടിക്കപ്പെട്ട സാമ്പത്തിക ഉത്തരവാദിത്വങ്ങൾ എന്നിവ ഏറ്റെടുക്കേണ്ടി വന്നതും സംസ്ഥാനത്ത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. എന്നാൽ, ടി പ്രതിസന്ധിക്കിടയിലും ഏകദേശം 2600/- കോടിയോളം രൂപ വരുന്ന പെൻഷൻ പരിഷ്കരണ/ പെൻഷൻകാരുടെ ക്ഷാമബത്ത കുടിശ്ശികയുടെ രണ്ട് തവണകൾ വിതരണം ചെയ്തിരുന്നു. സാമ്പത്തിക പ്രതിസന്ധി തുടരുന്ന പശ്ചാത്തലത്തിൽ നിലവിൽ “Pending” ഉള്ള ഈ ഇനത്തിലെ കുടിശ്ശിക വിതരണം ചെയ്യുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ |

| | | | |
|---|---|---|---|
| | | | സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ